പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3134 — 18.10. 2016 ൽ മറുപടിക്ക്

കെ.എസ്.ഇ.ബി.യിലെ കാഷ്യർ തസ്തിക

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോൾ റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) 428 ഒഴിവുകൾ ഉണ്ട്. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച ഒരു പഠനം ഐ.ഐ.എം കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നടക്കുന്ന ആധുനീകവത്ക്കരണം കണക്കിലെടുത്തുള്ള ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (കാഷ്യർ ഉൾപ്പെടെ), അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. |
| (ബി) മീറ്റർ റീഡർ/ലൈൻമാൻ മസ്ദൂർ എന്നിവരെക്കൊണ്ട് കാഷ്യർ തസ്തികയിലെ ജോലികൾചെയ്യിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്. കെ.എസ്.ഇ.ബി. 18/3/1988-ൽ പുറപ്പെടുവിച്ചിട്ടുള്ള B.O.No.Estt.111/2537/88 നമ്പർ ഉത്തരവ് പ്രകാരം. |

സെക്ഷൻ ഓഫീസർ